പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5280. 05-07-2012 ന് മറുപടിയ്ക്ക്

ഇന്റൻസീവ് ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബഹനാൻ :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി ) |
| എ) കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഇന്റൻസീവ് ഫോറസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) വന സംരക്ഷണം, അടിസ്ഥാനസൗകര്യ വികസനം, അതിർത്തി തിരിക്കൽ പ്രവർത്തനങ്ങൾ, വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ മുതലായവ കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ബി) ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് സംരക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കാടുകൾ എത്രയാണ് ; വിശദമാക്കുമോ ; | ബി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ വനം ഡിവിഷനുകളിലെയും റിസർവ്വ് വനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നല്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) എന്ത് തുകയാണ് ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത് ; | സി) 2012-13 വർഷത്തിൽ ഈ പദ്ധതിയിൻ കീഴിൽ 365.663 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | ഡി) 2012-13 വർഷത്തെ കർമ്മ പരിപാടികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ